പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.270 | 26.09.2016 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഓണക്കാലത്ത് വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഈ വർഷത്തെ ഓണം, ബക്രീദ് ഉൽസവകാലത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും 75 താലൂക്ക് ആസ്ഥാനങ്ങളിലും മാവേലി സ്റ്റോറുകളില്ലാത്ത 32 പഞ്ചായത്തുകളിലെ 25 പഞ്ചായത്തുകളിലും ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഈ ചന്തകളിൽക്കൂടി പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. പൊതു ജനങ്ങൾക്ക് ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. പൊതുവിപണിയിൽ 530/- രൂപ വിലവരുന്ന അവശ്യസാധനങ്ങളും ശബരി ഉൽപ്പന്നങ്ങളും അടങ്ങിയ കിറ്റ് 460/- രൂപയ്ക്ക് വിതരണം ചെയ്തിരുന്നു. എല്ലാ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം, എല്ലാ BPL കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്. അതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് കാര്യക്ഷമമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) ഓണക്കാലത്തെ 13 ഇനം അവശ്യസാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന, എല്ലാ ബി. പി. എൽ. കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് വിതരണം, സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 1 കിലോ ഗ്രാം സ്പെഷ്യൽ പഞ്ചസാര വിതരണം, എന്നിവയ്ക്കായി 81.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓണം , ബക്രീദ് എന്നിവ പ്രമാണിച്ച് സ്കൂൾ കുട്ടികൾക്കായി വിദ്യാലയങ്ങൾ വഴി എത്ര ക്വിന്റൽ അരി വിതരണം ചെയ്യുവെന്ന് വ്യക്തമാക്കാമോ? | (സി) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 29.08.2016 ലെ സ.ഉ (സാധാ) നം.2789/16/പൊ.വി.വ. പ്രകാരം, സ്കൂൾ കുട്ടികൾക്കായി വിദ്യാലയങ്ങൾ വഴി സൗജന്യമായി 5 കിലോ അരി വീതം വിതരണം അവസാന ഘട്ടത്തിലാണ്. ആകെ ഇതിനായി 13177 മെട്രിക് ടൺ അരി വേണ്ടിവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ